# തെങ്ങുകയറാൻ കൂട്ട് ബിടെക്; പിന്നെ ഉറച്ച മനസ്സും

**തെങ്ങുകയറ്റ യന്ത്രത്തെ പരിഷ്കരിക്കാനുള്ള ശ്രമത്തിലാണു മനോജ്**

**ആർ. കൃഷ്ണരാജ്**

തൃശൂർ ● തല ഉയർത്തി നിൽക്കുന്ന ഏതു തെങ്ങും ഇന്നു മനോജിന്റെ (22) മുന്നിൽ തല കുനിക്കും. ഏതു തെങ്ങിലും മനോജ് കയറുമെന്നതല്ല കാരണം. ഉന്നത ബിരുദങ്ങളുടെ ഭാരമില്ലാതെ തങ്ങളെ തേടിയെത്തിയ ചെറുപ്പക്കാരനെ വണങ്ങാൻ തെങ്ങുകൾക്ക് അഭിമാനമാണ്. അമലനഗർ പറമ്പത്തുവീട്ടിൽ പി. മോഹനന്റെ മകൻ മനോജിനെ വീട്ടുകാർ ചേർത്തത് എൻജിനീയറിങ് കോളജിലാണ്. എന്നാൽ അൽപം നാടൻ എൻജിനീയറിങ്ങും പഠിക്കാനായിരുന്നു മനോജിന്റെ തീരുമാനം. വിദ്യാ എൻജിനീയറിങ് കോളജിൽനിന്നു മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടിയ ശേഷം മനോജ് കേര വികസന ബോർഡിന്റെ തെങ്ങുകയറ്റ പരിശീലന പദ്ധതിയിൽ അംഗമായി. കുടുംബംവക തെങ്ങിൻതോട്ടത്തിൽ തേങ്ങയിടാൻ ആളെ കിട്ടാനുള്ള ബുദ്ധിമുട്ട് മനോജ് നേരിട്ട് അനുഭവിച്ചതാണ്.



മനോജ് തെങ്ങുകയറുന്നു

മെക്കാനിക്കൽ എൻജിനീയറായ മനോജിന് തെങ്ങുകയറ്റ യന്ത്രത്തിന്റെ ശാസ്ത്രം ആദ്യ കാഴ്ചയിൽതന്നെ പിടികിട്ടി. ഏഴു ദിവസത്തെ പരിശീലനം കഴിഞ്ഞപ്പോൾ 10 മിനിറ്റുകൊണ്ട് ഏതു തെങ്ങും യന്ത്രമുപയോഗിച്ചു കയറാമെന്നായി. എൻജിനീയറുടെ തെങ്ങുകയറ്റം പരിസരവാസികൾക്കു പ്രചോദനമായി. മനോജിൽനിന്നു കൂട്ടുകാരും തെങ്ങുകയറ്റം പഠിക്കുകയാണിപ്പോൾ. അടാട്ട് ഒൻപതുമുറി പടവിനു സമീപത്തെ തെങ്ങിൻതോപ്പിലും പരിസരത്തും മനോജാണു തെങ്ങുകയറുന്നത്. ജല അതോറിറ്റിയിൽ നിന്നു വിരമിച്ച പിതാവ് മോഹനനും കൃഷിയോടു താൽപര്യമുണ്ട്. പഠനത്തിൽ മിടുക്കനായ മനോജ് സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രചാരകനും സോഫ്റ്റ്‌വെയർ ഡവലപ്പറുമാണ്.